**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2996** | **28-02-2023 - ൽ മറുപടിയ്ക്ക്**

**മത്സ്യത്തൊഴിലാളികളുടെ കുട്ടികൾക്കുള്ള വിദ്യാഭ്യാസ ആനുകൂല്യങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ വി ശശി | | ശ്രീ സജി ചെറിയാൻ<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | നിർധനരായ മത്സ്യത്തൊഴിലാളികളുടെ പഠനത്തിൽ മികവ് പുലർത്തുന്ന കുട്ടികൾക്ക് വിദ്യാഭ്യാസ ആനുകൂല്യങ്ങൾ നൽകുന്നതിന് എന്തൊക്കെ പദ്ധതികളാണ് ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുള്ളത്; വിശദാംശം ലഭ്യമാക്കാമോ? | (എ) | വിദ്യാഭ്യാസ പ്രോത്സാഹനത്തിലൂടെ മത്സ്യത്തൊഴിലാളികളുടെ മക്കളെ വികസന മുഖ്യധാരയിൽ എത്തിക്കുന്നതിന് ഫിഷറീസ് വകുപ്പ് വിവിധ വിദ്യാഭ്യാസ പ്രോത്സാഹന പദ്ധതികൾ നടപ്പിലാക്കി വരുന്നു.<br><br>മത്സ്യത്തൊഴിലാളികളുടെ മക്കളായ വിദ്യാർത്ഥികൾക്ക് വിവിധ ആനുകൂല്യങ്ങളായ ലംപ്സംഗ്രാന്റ്, പ്രതിമാസ സ്റ്റൈപന്റ്, ട്യൂഷൻ ഫീസ്, പോക്കറ്റ് മണി, മെസ്സ് ഫീസ്, ഹോസ്റ്റൽ ഫീസ്, പരീക്ഷാ ഫീസ്, സ്പെഷ്യൽ ഫീസ് മുതലായവയും നൽകി വരുന്നു. മത്സ്യത്തൊഴിലാളി വിദ്യാർത്ഥികൾക്കുള്ള വിദ്യാഭ്യാസാനുകൂല്യ ത്തിനായി 2022-23 ൽ 32.21 കോടി രൂപ വകയിരുത്തിയതിൽ 32.21 കോടി രൂപയും ജില്ലകൾക്ക് അനുവദിച്ചു നൽകിയിട്ടുണ്ട്.<br><br>പ്രീമെട്രിക്കിനു പഠിക്കുന്ന വിദ്യാർത്ഥികൾക്ക് ബന്ധപ്പെട്ട ജില്ലാ ഓഫീസർമാർ മുഖേനയും +2 മുതലുള്ള ക്ലാസ്സുകളിലെ വിദ്യാഭ്യാസാനുകൂല്യങ്ങൾ 2017-18 മുതൽ ഇ-ഗ്രാന്റ്സ് പദ്ധതി മുഖേനയും അനുവദിച്ചു വരുന്നു.<br><br>ഫിഷറീസ് വകുപ്പിന്റെ കീഴിലുള്ള തീരദേശത്തെ 10 ഗവൺമെന്റ് റീജ്യണൽ ഫിഷറീസ് ടെക്നിക്കൽ സ്കൂളുകളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് പൂർണമായും സൗജന്യ വിദ്യാഭ്യാസം ലഭ്യമാക്കുന്നു. പഠനം, ഭക്ഷണം, താമസം, യൂണിഫോം, സ്പെഷ്യൽ കോച്ചിംഗ്, സ്റ്റഡി ടൂർ എന്നിവ പൂർണമായും സൗജന്യമാണ്. ടി സ്കൂളുകളെ മികവിന്റെ കേന്ദ്രങ്ങളാക്കുന്നതിനുള്ള സമഗ്ര നടപടികൾ തീരദേശ വികസന കോർപ്പറേഷൻ മുഖേന നടപ്പിലാക്കി വരുന്നു. |

| | | | |
|---|---|---|---|
| | | | ടി സ്കൂളുകളിലെ കായിക അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനും വിദ്യാർത്ഥികളുടെ കായിക ക്ഷമത വർദ്ധിപ്പിക്കുന്നതിനുമുള്ള ഒരു പദ്ധതി സ്പോർട്സ് കേരള ഫൗണ്ടേഷനുമായി ചേർന്ന് നടപ്പിലാക്കുന്നതിനു നടപടി സ്വീകരിച്ചിട്ടുണ്ട്.<br><br>കൂടാതെ വിദ്യാതീരം പദ്ധതിയിൽ ഉൾപ്പെടുത്തി മത്സ്യത്തൊഴിലാളികളുടെ മക്കൾക്ക് സൗജന്യ റസിഡൻഷ്യൽ മെഡിക്കൽ എൻട്രൻസ് പരിശീലനം, ബാങ്ക് പരിശീലനം, സിവിൽ സർവ്വീസ് (ഐ.എ.എസ്) കോച്ചിംഗ്, എന്നീ പദ്ധതികൾ നടപ്പിലാക്കി വരുന്നു. 2015-16 മുതൽ 2021-22 വരെ മെഡിക്കൽ എൻട്രൻസ് 421 വിദ്യാർത്ഥികൾക്ക് സൗജന്യ മെഡിക്കൽ എൻട്രൻസ് പരിശീലനം നൽകുകയും ഇതിൽ 78 വിദ്യാർത്ഥികൾക്ക് എം.ബി.ബി.എസ്.-നും 103 പേർക്ക് ഇതര കോഴ്സുകൾക്കും അഡ്മിഷൻ ലഭിച്ചിട്ടുണ്ട്. വിവിധ പരിശീലനങ്ങൾക്ക് ബന്ധപ്പെട്ട ജില്ലാ ഓഫീസർമാർ മുഖേന അപേക്ഷ ക്ഷണിച്ച് മാർഗ്ഗരേഖ പ്രകാരം അർഹതാ പട്ടിക തയ്യാറാക്കി തെരഞ്ഞെടുത്ത പരിശീലന സ്ഥാപനങ്ങളിൽ മെഡിക്കൽ എൻട്രൻസ്, ഐ.ഐ.ടി./എൻ.ഐ.ടി പരിശീലനം നൽകുന്നു. സിവിൽ സർവ്വീസ് പരിശീലനം കേരള സിവിൽ സർവ്വീസ് അക്കാദമി മുഖേനയാണ് നൽകിവരുന്നത്.<br><br>മത്സ്യത്തൊഴിലാളികളുടെ മക്കളുടെ പഠന നിലവാരം ഉയർത്തുന്നതിനായി ടി മേഖലയിലെ 75 ലൈബ്രറികൾക്ക് കമ്പ്യൂട്ടർ, ഇന്റർനെറ്റ്, ടി.വി, പ്രൊജക്ടർ, പ്രിന്റർ എന്നീ ആധുനിക പഠന സഹായ ഉപകരണങ്ങൾ നൽകുന്നതിന് ഫിഷറീസ് വകുപ്പ് 'പ്രതിഭാതീരം' എന്ന പദ്ധതി നടപ്പിലാക്കുന്നതിന്റെ പ്രാരംഭ നടപടികൾ പൂർത്തീകരിച്ച് വരുന്നു.<br><br>കൂടാതെ ഓഖിയിൽ മരണപ്പെട്ടതും കാണാതായതുമായ 143 മത്സ്യ ത്തൊഴിലാളികളുടെ മക്കളായ 309 പേരുടെ സൗജന്യ വിദ്യാഭ്യാസത്തിനായി 13.92 കോടി രൂപ അനുവദിക്കുകയും 2018-19-ൽ 53.75 ലക്ഷം രൂപയും 2019-20ൽ 55.1 ലക്ഷം രൂപയും 2020-21ൽ 45 ലക്ഷം രൂപയും 2021-22 ൽ 40.6 ലക്ഷം രൂപയും 2022-23 ൽ 50 ലക്ഷം രൂപയും അനുവദിച്ചു നല്കിയിട്ടുണ്ട്. 2037 വരെ വിഭാവനം ചെയ്തിട്ടുള്ള പദ്ധതിയാണിത്. |

സെക്ഷൻ ഓഫീസർ